"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം -മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 107/2011 നമ്പർ കേസിലെ ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.515/2026/LSGD** **തീയതി, തിരുവനന്തപുരം, 28-02-2026**

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27/11/2025 തീയതിയിലെ എ3/1608/2015/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.46/2026/തസ്വഭവ തീയതി 06/01/2026.
3. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - ഡിമാന്റ് നം. XXII - നഗരവികസനം - ക്രമ. നം. (സി).

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 107/2011 നമ്പർ കേസിലെ ബാലൻസ് തുകയായ 9,411/- രൂപ (ഒൻപതിനായിരത്തി നാനൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 107/2011 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,411/- രൂപ (ഒൻപതിനായിരത്തി നാനൂറ്റി പതിനൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി പി. ഷൈലജ-യ്ക്ക് '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

3) പരാമർശം (2) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എൽ.എ.ആർ.107/2011 നമ്പർ കേസിലെയും തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തിട്ടുള്ളതുമായ മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പരാമർശം (3) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവക്കൽ വില്ലേജിൽ സർവ്വേ നം.456/11-ൽ ഉൾപ്പെട്ട 0.21 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 107/2011 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ **9,411/- രൂപ (ഒൻപതിനായിരത്തി നാനൂറ്റി പതിനൊന്ന് രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീമതി പി. ഷൈലജ-യ്ക്ക് അനുവദിക്കുന്നതിനായി **'4217-60-800-93 Payment of Compensation in LAR Cases (Plan Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി പി. ഷൈലജ, റ്റി.സി.7/1960, ഉള്ളൂർ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/156/2025/FIN. dated 18.02.2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/434/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 28-02-2026 11:56:37
സെക്ഷൻ ഓഫീസർ